# ഹയവദന

ഗിരീഷ് കർണാട്



സങ്കീർണമായ ബന്ധങ്ങളുടെ ലോകത്തിൽ വ്യക്തിത്വത്തിനു സംഭവിക്കുന്ന പ്രതിസന്ധിയാണ് ഹയവദന ഉയർത്തുന്നത്. ശക്തിയുടെ രൂപമായ കപിലനും ബുദ്ധിയുടെ രൂപമായ ദേവദത്തനും ആത്മമിത്രങ്ങളാണ്. ദേവദത്തൻ പത്മിനിയെ വേൾക്കുമ്പോൾ ആ ബന്ധം കെട്ടുപിണയുന്നു. നാടകീയധ്വനികൾ മുഴങ്ങുന്ന ഒരു നിമിഷത്തിൽ സുഹൃത്തുക്കൾ ആത്മഹത്യ ചെയ്യുന്നു. പത്മിനി തലകൾ മാറ്റി വയ്ക്കുന്നു. ഏതു സ്ഥിതിവിശേഷ ത്തെയും സൗന്ദര്യാനുഭൂതിയാക്കി മാറ്റാൻ പ്രതിഭയും കരുത്തുമുള്ള ഗിരീഷ് കർണാടിന്റെ ഹയവദനയ്ക്ക് ഉത്കൃഷ്ടനാടകത്തിന്റെ ഈണവും ഭാവവുമുണ്ട്.

വിവർത്തകൻ: **ജോർജ്ജ് ജോൺ സി.**

കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-0179-6 00002

9 788126 401796

നാടകം/വിവർത്തനം | E-book available | ₹ 70

ഗിരീഷ് കർണാട് • ഹയവദന

T8M2 GIR/H

498

വിദേശ-ഭാരതീയ ഭാഷകളിലേക്ക്
മൊഴിമാറ്റം ചെയ്യപ്പെട്ട, നിരവധി കോപ്പികൾ
വിറ്റഴിഞ്ഞ കന്നട നാടകത്തിന്റെ പരിഭാഷ



T8M2 GIR/H
CASMTVK BKS
498

ജ്ഞാനപീഠ ജേതാവ്

## ഗിരീഷ് കർണാട്

# ഹയവദന

dcb

Library TVK

T8M2 GIR/H
CASMTVK BKS
4 9 8

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 498 Call No.

This book should be returned on or before the date last given below.

14-026
20 APR 2016
15-037
18 JUL 2016

## ഗിരീഷ് കർണാട്

നാടകകൃത്ത്, നടൻ, സംവിധായകൻ, ചലച്ചിത്രകാരൻ. 1938-ൽ മഹാരാഷ്ട്രയിലെ മഥേരനിൽ ജനിച്ചു. ഓക്സ്ഫെഡ് യൂനിവേഴ്സിറ്റിയിലെ റോഡ്സ് സ്കോളർ, ഓക്സ്ഫെഡ് 'യൂനിയൻ' സൊസൈറ്റി പ്രസിഡന്റ്, മദിരാശിയിലെ ഓക്സ്ഫെഡ് യൂനിവേഴ്സിറ്റി പ്രസ്സിന്റെ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നാടകരംഗത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് ഹോമിഭാഭ ഫെല്ലോഷിപ്പ് നേടി. കർണാടക സ്റ്റേറ്റ് നാടക അക്കാദമി, കേന്ദ്ര സംഗീത നാടക അക്കാദമി എന്നിവയുടെ അധ്യക്ഷസ്ഥാനം വഹിച്ചു. പൂണെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ ഡയറക്ടർ. തിരക്കഥാകൃത്തും നടനുമായി ചലച്ചിത്രരംഗത്ത് പ്രവേശിച്ചു (സംസ്കാര). 'വംശവൃക്ഷ', 'ഉത്സവ്', 'കാട്', 'ഓണ്ടനൊണ്ടു കാലദല്ലി' എന്നിങ്ങനെ ഒട്ടേറെ ചിത്രങ്ങൾ സംവിധാനം ചെയ്തു. *യയാതി, തുഗ്ലക്, ഹയവദന* എന്നിവയാണ് പ്രശസ്ത നാടകങ്ങൾ. ജ്ഞാനപീഠ പുരസ്കാരം (1998) ലഭിച്ചു.

## ജോർജ്ജ് ജോൺ സി.

1936 ഡിസംബർ 25-ന് ജനനം. കഥാകൃത്ത്, വിവർത്തകൻ, നാടക സംവിധായകൻ. ഡൽഹി മലയാളി അസോസിയേഷൻ സംഘടിപ്പിച്ച നാടകമത്സരത്തിൽ സംവിധായകനുള്ള അവാർഡ് ലഭിച്ചു. *ഹയവദന, നാഗമണ്ഡല, ഈഡിപ്പസ്* എന്നിവ വിവർത്തനം ചെയ്തു.

ഗിരീഷ് കർണാട്

# ഹയവദന

വിവർത്തകൻ

ജോർജ്ജ് ജോൺ സി.

ഡി സി ബുക്സ്

498

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Hayavadana

PLAY
*by* Girish Karnad

MALAYALAM TITLE
Hayavadana
*Translated by* George John C.

Rights Reserved

First Published August 2000
2nd Edition August 2013

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Online Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-mail: customercare@dcbooks.com
e-book version of this title available at www.thewinkstore.com

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Girish Karnad.
Hayavadana/ Girish Karnad;
Malayalam translation/ George John C.
88 p., 21 cm.
ISBN 81-264-0179-6.
Malayalam translation of ' Hayavadana.'
1. Kannada drama. 2. Malayalam translation.
I. Title. II. Title-English. III. George John C.
894.814 2-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0179-6

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 70.00

216/13-14-Sl.No. 12840-dcb 2247-(2)1000-2680-06-13-Sir. 18.1-sj as-r vu-d hm

# മുഖവുര

വളരെയടുത്തകാലംവരെ, കന്നഡഭാഷയിലെ നാടകരചന ജീവൽ നാടകവേദിയുമായി ബന്ധമില്ലാത്ത സാഹിത്യവ്യായാമം ആയിരുന്നു. പ്രൊഫഷണൽ നാടകരംഗം ഭൂതത്തിലെന്നപോലെ വർത്തമാനത്തിലും ശുഷ്കവും പ്രാകൃതവുമായിരുന്നു. പ്രമുഖ നാടകകൃത്തുക്കളായ കൈലാസവും ആദ്യ രംഗാചാര്യയും അതിനെ പാടേ തള്ളി. പക്ഷേ, പകരം മറ്റൊരു പാത ഒരുക്കാൻ കഴിയായ്ക മൂലം അവർ ഒറ്റപ്പെട്ടു നില്ക്കേണ്ടതായും വന്നു.

ഭാഗ്യവശാൽ ഈ സ്ഥിതി ഇപ്പോൾ മാറിയിരിക്കുന്നു. ചെറുപ്പക്കാരായ സംവിധായകരുടെയും അഭിനേതാക്കളുടെയും ഒരു സംഘം പ്രൊഫഷണൽ നാടകക്കാരല്ലാത്തവരെ പൂർണ്ണമായി ആശ്രയിച്ച് ആധുനിക നാടകത്തിന്റെ വളർച്ചയ്ക്ക് ഉതകുന്ന ഒരു പ്രസ്ഥാനം സൃഷ്ടിച്ചിരിക്കുന്നു. ഗിരീഷ് കർണാടിനെപ്പോലുള്ള പുതിയ നാടകകൃത്തുക്കൾക്ക്, ഈ പുതിയ നാടകാവബോധത്തിൽ ഊന്നി, മെച്ചപ്പെട്ട സങ്കേതങ്ങളും ശൈലികളും നേരിട്ടറിഞ്ഞ രംഗബോധവും നാടകരചനയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ കന്നഡസാഹിത്യത്തിനു മുഖമുദ്രകൊടുത്ത പ്രാദേശികച്ചുവ, കർണാടിന്റെ നാടകങ്ങൾക്കില്ലതന്നെ. അദ്ദേഹത്തിന്റെ മൂന്നു നാടകങ്ങളിലും കർണ്ണാടകത്തെ മാത്രം സ്പർശിക്കുന്ന വിഷയങ്ങളില്ല. ഒന്നാമത്തെ നാടകമായ 'യയാതി' ഒരു പുരാണകഥയുടെ പുനരാഖ്യാനമാണ്. രണ്ടാമത്തെ കൃതി, 'തുഗ്ലക്' ചരിത്രാധിഷ്ഠിതമാണ്. രണ്ടു നാടകങ്ങളും വീക്ഷണത്തിലും ഭാവത്തിലും ആധുനികമാണുതാനും.

സംസ്കൃതഭാഷയിലെ ഒരു പഴയ കഥാസമാഹാരമായ 'കഥാസരിത് സാഗര'ത്തിൽനിന്നെടുത്തതാണ് 'ഹയവദന'യുടെ ബീജം. എങ്കിലും കർണാട് കടപ്പെട്ടിരിക്കുന്നത് 'മാറ്റിവെച്ച തലകൾ' എന്ന പേരിൽ തോമസ് മൻ ചെയ്ത പുനരാഖ്യാനത്തോടാണ്. വീരപരാക്രമിയായ ഒരു രാജാവിനോട് വേതാളം പറഞ്ഞതായ മൂലകഥയ്ക്ക് ഹാസ്യ-വീരാത്മകത നല്കുകയാണ് മൻ ചെയ്തത്. മൂലകഥ ഒരു ധാർമ്മിക പ്രശ്നം ഉന്നയിക്കുമ്പോൾ, ബുദ്ധിയെയും ശരീരത്തെയും വേറിട്ടു കാണുന്ന യാന്ത്രികമനോഭാവത്തെ അപഹസിക്കാൻ മൻ ആ കഥ ഉപയോഗിക്കുന്നു. മസ്തിഷ്കം ഉടലിനെക്കാൾ മെച്ചമെന്ന തത്ത്വത്തെ

മൻ അപലപിക്കുന്നു. ജീവിതോദ്ദേശ്യം നിറവേറ്റാൻ മനുഷ്യശരീരം തികച്ചും സമർത്ഥമാണ്. അതാണ് അദ്ദേഹത്തിന്റെ മതം. ശിരസ്സുകൾ മാറിവന്നെങ്കിലും, പ്രധാന കഥാപാത്രങ്ങൾക്ക് പ്രകൃതി ചുമത്തിയിരിക്കുന്ന മനഃശാസ്ത്രബാദ്ധ്യതകകളിൽനിന്നു മോചനം കിട്ടുന്നില്ല.

കർണാടിന്റെ നാടകമാകട്ടെ മറ്റൊരു പ്രശ്നം—കെട്ടുപിണയുന്ന ബന്ധങ്ങളുടെ ലോകത്തിൽ വ്യക്തിത്വത്തിനുണ്ടാകുന്ന പ്രതിസന്ധി—ഉയർത്തുന്നു. നാടകാരംഭത്തിൽ ദേവദത്തനും കപിലനും ആത്മമിത്രങ്ങളാണ്. ഭഗവതർ വർണ്ണിക്കുംപോലെ 'ഒരു മനസ്സും ഒരു ഹൃദയവും.' ദേവദത്തൻ ബുദ്ധിയുടെയും കപിലൻ ശക്തിയുടെയും രൂപങ്ങളാണ്. ദേവദത്തൻ പത്മിനിയെ വേൾക്കുമ്പോൾ ആ സുഹൃദ്ബന്ധം കെട്ടുപിണയുന്നു. കപിലൻ പത്മിനിയെ സ്നേഹിക്കുന്നു. അവളും കുറേശ്ശ അവനോടടുക്കുന്നു. ഹാസ്യാത്മകമെങ്കിലും നാടകീയത മുന്തിയ ഒരു രംഗത്തിൽ സുഹൃത്തുക്കൾ ആത്മഹത്യ ചെയ്യുന്നു. പത്മിനി അവരുടെ തലകൾ മാറ്റിവയ്ക്കുന്നു. ദേവദത്തന്റെ തല കപിലന്റെ ഉടലിലും കപിലൻെറ തല ദേവദത്തന്റെ ഉടലിലും. ഫലമോ? വ്യക്തിത്വത്തിന്റെ അനിയതാവസ്ഥ പ്രകടമാകുന്നു.

ആദ്യമൊക്കെ ദേവദത്തൻ—കപിലന്റെ ഉടലിൽ ദേവദത്തന്റെ തലയുള്ളയാൾ—ഭൂതകാലജീവിതത്തിൽനിന്നു വിരുദ്ധമായി, മല്ലനെപ്പോലെ പെരുമാറി. ക്രമേണ അയാൾക്കു പൂർവ്വസ്വഭാവം ഉണ്ടാകുന്നു. ഒരു വ്യത്യാസം മാത്രം. അയാൾ കാവ്യരചന നിർത്തി. കപിലനെയാകട്ടെ. (കപിലന്റെ തലയും ദേവദത്തന്റെ ഉടലും) ദേവദത്തന്റെ ഉടലിനുണ്ടായിട്ടുള്ള അനുഭൂതികളുടെ ഓർമ്മകൾ അലട്ടുന്നു. തലകൾ മാറ്റിവച്ചതോടെ, രണ്ടുപേരിൽനിന്നും കിട്ടേണ്ടതു മുഴുവൻ നേടിയ പത്മിനിക്ക് മോഹിക്കാൻ ഒന്നും ഇല്ലാതെയായി. മൂവരിലുംവച്ച് പൂർണ്ണമായ അനുഭവത്തിനുള്ള കഴിവ് പത്മിനിക്കു മാത്രമേയുള്ളൂ. അകപ്പെട്ടിരിക്കുന്ന ചുറ്റുപാടിനെക്കുറിച്ച് അവൾ ബോധവതിയാണെങ്കിലും, അതിനെ നിയന്ത്രിക്കാൻ അവൾക്കു കഴിയുന്നില്ല. പത്മിനിയുടെ ഈ നിസ്സഹായാവസ്ഥ കോറസിലെ നദിയുടെയും പേക്കോലത്തിന്റെയും ബിംബങ്ങൾകൊണ്ട് സുന്ദരമായി സംഗ്രഹിച്ചിരിക്കുന്നു. സുഹൃത്തുക്കൾ കൊല്ലപ്പെടുന്ന ഒരു ദ്വന്ദ്വയുദ്ധം സങ്കീർണ്ണമായ കഥയ്ക്കു വിരാമമിടുന്നു. കാമുകരുടെ മരണമോ തുടർന്ന് പത്മിനി ആചരിക്കുന്ന സതിയോ ദുരന്തഭാവം നല്കാനുദ്ദേശിച്ചിട്ടുള്ളവയല്ല. പരിതഃസ്ഥിതികളുടെ ശ്ലഥസ്വഭാവത്തിന്റെ പിന്നിലുള്ള യുക്തി—കാര്യകാരണബന്ധം—ധ്വനിപ്പിക്കുക എന്നേ ഈ മരണങ്ങൾകൊണ്ടുദ്ദേശിച്ചിട്ടുള്ളൂ.

മുഖ്യകഥയിലെ അപൂർണ്ണതയെന്ന പ്രമേയത്തിനു കനം നല്കാൻ 'ഹയവദന' എന്ന ഉപകഥ, അപൂർണ്ണതയെ മറ്റൊരു തലത്തിൽ കൈകാര്യം ചെയ്യുന്നു. അശ്വമനുഷ്യന്റെ പൂർണ്ണതയ്ക്കു വേണ്ടിയുള്ള അന്വേഷണം രസകരമായി അവസാനിക്കുന്നു. അയാൾ പൂർണ്ണമായും കുതിരയായി. മനുഷ്യാവയവങ്ങളിൽ ഉത്തമം എന്നു വിശേഷിപ്പിക്കപ്പെടുന്ന ശിരസ്സിനെ മൃഗശരീരം പരാജയപ്പെടുത്തുന്നു.

മുഖംമൂടി, തിരശ്ശീല, പാവകൾ, കഥയ്ക്കുള്ളിൽ കഥ തുടങ്ങി നാടൻകലകളുടെ സങ്കേതങ്ങളും ശൈലികളും ഉപയോഗിച്ച് ഒരു ഭ്രമാത്മകലോകം കർണാട് സൃഷ്ടിക്കുന്നു. അപൂർണ്ണരായ മനുഷ്യരുടെ, അനാസ്ഥരായ ദൈവങ്ങളുടെ, സംസാരിക്കുന്ന പാവകളുടെ, സംസാരിക്കാനാവാത്ത കുട്ടികളുടെ ലോകം—മനുഷ്യരുടെ സുഖദുഃഖങ്ങളോടും മോഹനൈരാശ്യങ്ങളോടും നിസ്സംഗത്വം പുലർത്തുന്ന ഒരു ലോകം. അവിടെ വാസ്തവമായി ഒന്നേയുള്ളൂ. ജീവിതത്തിന്റെ ശക്തമെങ്കിലും വിരസമായ താളക്രമംപോലെ വേദിക്കു വലംവയ്ക്കുന്ന കുതിരയുടെയും സവാരിക്കാരന്റെയും അയുക്തമായ കരുത്തുമാത്രം.

കർണാട് മൂന്നു നാടകങ്ങളേ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. അതുകൊണ്ട് നാടകപ്രസ്ഥാനത്തിന് അദ്ദേഹത്തിൽനിന്നുണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തുന്നതിനു സമയമായിട്ടില്ല. ഉത്കൃഷ്ട നാടകത്തിന്റെ ഈണവും ഭാവവും അദ്ദേഹത്തിന്റെ നാടകങ്ങൾക്കുണ്ട്. ഏതു സ്ഥിതിവിശേഷത്തെയും സ്ഥായിയായ സൗന്ദര്യാനുഭൂതിയാക്കി മാറ്റാനുള്ള പ്രതിഭയും കരുത്തും അദ്ദേഹത്തിനുണ്ട്. കൂടുതൽ മെച്ചപ്പെട്ട കൃതികൾ അദ്ദേഹത്തിൽനിന്ന് പ്രതീക്ഷിക്കുന്നു.

വല്ലഭ വിദ്യാനഗർ — കീർത്തിനാഥ് കർത്കോടി
25 ജൂൺ 1975

## കുറിപ്പ്

'ഹയവദന' ആദ്യം എഴുതപ്പെട്ടത് കന്നഡ ഭാഷയിലാണ്. ഈ നാടക രചനയ്ക്ക് ഉതകിയ ഫെല്ലോഷിപ്പിന് ഞാൻ ഹോമിഭാഭാ ഫെല്ലോഷിപ്സ് കൗൺസിലിനോടുള്ള നന്ദി പ്രകടിപ്പിക്കട്ടെ.

നാടകത്തിന്റെ കേന്ദ്രകഥ—ദേവദത്തന്റെയും കപിലന്റെയും കഥ—'വേതാള പഞ്ചവിംശിക'യിലെ ഒരു കഥയെ ആധാരമാക്കിയാണെങ്കിലും തോമസ്മൻ, 'മാറ്റി വച്ച തലകളി'ൽ ചെയ്തിരിക്കുന്ന പുനരാഖ്യാനത്തെയാണ് ഞാൻ ഏറെ ആശ്രയിച്ചിരിക്കുന്നത്. ഇതിന് അനുമതി നല്കിയ ശ്രീമതി മന്നോട് എനിക്കു നന്ദിയുണ്ട്.

ഇത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുകയും തന്റെ പ്രസിദ്ധീകരണമായ 'എനാക്ടി' (ENACT)ൽ പ്രസാധനവും ചെയ്ത രാജേന്ദ്രപാലിനോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. 1972-ൽ 'മദ്രാസ് പ്ലെയേഴ്സി'നുവേണ്ടി ഈ നാടകം ഒരുക്കിയ ശ്രീമതിമാർ ലക്ഷ്മി കൃഷ്ണമൂർത്തി, യമുനാപ്രഭു എന്നിവരോടും.

മൂലത്തിലെ ഗാനങ്ങൾ എല്ലാം ഗാനരൂപത്തിൽതന്നെ വിവർത്തനം ചെയ്യാൻ ഞാൻ ശ്രമിച്ചില്ല. ചില ഗാനങ്ങൾക്ക് ശ്ലഥമായ പദ്യരൂപവും മറ്റുള്ളവയ്ക്ക് നേരായ ഗദ്യപരിഭാഷയും കൊടുത്തിരിക്കുന്നു.

ഗിരീഷ് കർണാട്

# ഹയവദന